"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയുടെ പരിധിയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ മധ്യവേനൽ അവധി 2024 മെയ്, ജൂൺ മാസങ്ങളിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉന്നത വിദ്യാഭ്യാസ(ജി) വകുപ്പ്**

സ.ഉ.(സാധാ) നം.426/2024/HEDN തീയതി,തിരുവനന്തപുരം, 27-03-2024

---

പരാമർശം:-

1. എ പി ജെ അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി രജിസ്ട്രാരുടെ 19.03.2024 ലെ KTU/ASST3(ACADEMIC)/1239/2024 നം. കത്ത്

2. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 21.03.2024 ലെ DTETVM/2689/2024-ACB1 നം. കത്ത്

**<u>ഉത്തരവ്</u>**

ബി ടെക് /ബി ആർക്ക് വിദ്യാർത്ഥികളുടെ 2023-24 അധ്യയന വർഷത്തെ റെഗുലർ ക്ലാസുകൾ മെയ് ആദ്യവാരം വരെ ഉള്ളതിനാൽ എഞ്ചിനീയറിംഗ് കോളേജുകളിലെ മധ്യവേനൽ അവധി മെയ്, ജൂൺ മാസങ്ങളിൽ അനുവദിക്കുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്ന് പരാമർശം(1) പ്രകാരം എ.പി.ജെ. അബ്ദുൾകലാം ടെക്നോളജി യൂണിവേഴ്സിറ്റി രജിസ്ട്രാർ അഭ്യർത്ഥിച്ചിരുന്നു. നിലവിൽ ഏപ്രിൽ, മെയ് മാസങ്ങളിലാണ് മധ്യവേനൽ അവധി അനുവദിച്ച് നൽകി വരുന്നത് എന്നും ആയതിനാൽ പ്രസ്തുത വിഷയത്തിൽ ഉചിത ഉത്തരവ് ഉണ്ടാകാനുള്ള നടപടി കൈക്കൊള്ളണമെന്നും പരാമർശം(2)പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയുടെ പരിധിയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ മധ്യവേനൽ അവധി 2024 മെയ്, ജൂൺ മാസങ്ങളിൽ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ASHA A K**

ഡെപ്യൂട്ടി സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം

രജിസ്ട്രാർ,എ പി ജെ അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ(എ &ഇ/ഓഡിറ്റ്),കേരള,തിരുവനന്തപുരം

സ.ഉ.(സാധാ) നം.426/2024/HEDN

ഇൻഫർമേഷൻ ഓഫീസർ,വെബ് &ന്യൂമീഡിയ

www.highereducation.kerala.gov.in

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Salini.p
സെക്ഷൻ ഓഫീസർ
Date: 27-03-2024 17:57:47